# കേരള സർവകലാശാല

നം.പി.ആർ.239/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പി.ജി പ്രൈവറ്റ് രജിസ്ട്രേഷൻ

കേരള സർവകലാശാല 2016-17 അധ്യയനവർഷം മുതൽ എം.എ ഹിസ്റ്ററി, പൊളിറ്റിക്കൽ സയൻസ്, ഇക്കണോമിക്സ്, സോഷ്യോളജി, പബ്ലിക് അഡ്മിനിസ്ട്രേഷൻ, ഇസ്ലാമിക് ഹിസ്റ്ററി, ഫിലോസഫി, ഇംഗ്ലീഷ്, മലയാളം, ഹിന്ദി, സംസ്കൃതം (ജനറൽ), തമിഴ്, അറബിക്, എം.കോം വിഷയങ്ങളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ സമ്പ്രദായത്തിൽ ബിരുദാനന്തര ബിരുദ പഠനത്തിന് അപേക്ഷ ക്ഷണിക്കുന്നു. വിശദമായ വിജ്ഞാപനം ഡിസംബർ 26-ന് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും.

### ബി.ടെക് പരീക്ഷ മാറ്റി

കേരള സർവകലാശാല ഡിസംബർ 19-ന് തുടങ്ങാനിരുന്ന അഞ്ച്, ഏഴ് സെമസ്റ്റർ ബി.ടെക് 2013 സ്കീം റഗുലർ പരീക്ഷകൾ മാറ്റി. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എം.ഫിൽ ഫലം

കേരള സർവകലാശാല 2015-16 ബാച്ച് എം.ഫിൽ മാത്തമാറ്റിക്സ് (യൂണിവേഴ്സിറ്റി കോളേജ്) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ഗ്രാഫിക് ഡിസൈനർ : അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല കാര്യവട്ടം കമ്പ്യൂട്ടേഷണൽ ബയോളജി ആൻഡ് ബയോ ഇൻഫർമാറ്റിക്സിലെ ഐ കാഡ് പ്രോജക്ടിൽ ഗ്രാഫിക് ഡിസൈനർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾ www.dcb.res.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

### നാഷണൽ ജേണൽ : പ്രബന്ധങ്ങൾ ക്ഷണിച്ചു

കേരള സർവകലാശാല വേദാന്ത പഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന നാഷണൽ ജേണലിലേക്ക് അദ്ധ്യാപകരിൽ നിന്നും ഗവേഷകരിൽ നിന്നും പ്രബന്ധങ്ങൾ ക്ഷണിക്കുന്നു. ഇന്റോളജിക്കൽ സ്റ്റഡീസ് എന്ന മേഖലയിൽ ഇംഗ്ലീഷിലോ സംസ്കൃതത്തിലോ തയ്യാറാക്കിയ പ്രബന്ധങ്ങൾ 10 പേജ് കവിയാൻ പാടില്ലാത്തതും ഗവേഷണ രീതിശാസ്ത്രം അനുസരിച്ച് തയ്യാറാക്കിയതും ആയിരിക്കണം. പ്രബന്ധത്തിന്റെ പകർപ്പ് ഡയറക്ടർ, സെന്റർ ഫോർ വേദാന്ത സ്റ്റഡീസ്, കേരള സർവകലാശാല, കാര്യവട്ടം, തിരുവനന്തപുരം, കേരള - 695581 എന്ന വിലാസത്തിലും vijayaisavasyam@gmail.com എന്ന ഇ-മെയിലിലേക്കും 2017 ജനുവരി 31-നകം അയയ്ക്കണം.

### മെഡിക്കൽ ലോ എത്തിക്സ് ആൻഡ് ഹ്യൂമൻ റൈറ്റ്സ് കോഴ്സ്

കേരള സർവകലാശാല നിയമപഠന വകുപ്പിലെ ഡോ. ബി.ആർ അംബേദ്കർ ചെയറിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ മെഡിക്കൽ ലോ എത്തിക്സ് ആൻഡ് ഹ്യൂമൻ റൈറ്റ്സ് ഈവനിംഗ് കോഴ്സിന് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. കോഴ്സ് ഫീസ് 5000/- രൂപ. താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളും പകർപ്പും സഹിതം ഡിസംബർ 21 ഉച്ചയ്ക്ക് രണ്ട് മണിക്ക് നിയമപഠനവകുപ്പ് ഓഫീസിൽ ഹാജരാകണം. ഫോൺ. 0471-2308936.

## അറബി ഭാഷാ ദിനാചരണം

**കേരള സർവകലാശാല കാര്യവട്ടം അറബിക് പഠനവകുപ്പിന്റെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര അറബിക് ഭാഷാദിനാചരണത്തിന്റെ ഭാഗമായി ഏകദിന സെമിനാറും അറബിക് കാലിഗ്രഫി എക്സിബിഷനും ഡിസംബർ 19-ന് സിൻഡിക്കേറ്റംഗം അഡ്വ. എ.എ റഹിം ഉദ്ഘാടനം ചെയ്യും. ഡോ. പത്മറാവു, ഡോ. എ. നിസാറുദ്ദീൻ, ഡോ. മുഹമ്മദ് താഹ തുടങ്ങിയവർ പങ്കെടുക്കും.**

**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം.
17.12.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,



സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**